നം.കെഎസ്എ.കെടിഎം.പി.5/934/19 തീയതി 11.07.2019

# <u>കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ **കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ** ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-09-2018 മുതൽ 15-05-2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 20.06.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു എസ്.,ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.06.2019 മുതൽ 20.06.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മായ.ആർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുനിത.എം.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി കൊച്ചുമോൾ.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ രഞ്ജിത്.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |

## ബി)നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ബി.ബിജുകുമാർ | 1.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി അനിത എം.തോമസ് | 1.04.2018 മുതൽ 31.03.2019 വരെ |

## സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ബിന്ദു കെ.കെ. | 01.04.18 മുതൽ 02.11.18 വരെ |
| | ശ്രീമതി.ചാന്ദിനി.പി.ബി | 03.11.18 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ | ഡോ.രാജി ജോസ് ജേക്കബ് | 01.04.17 മുതൽ 14.01.19 വരെ |
| | ഡോ.ഡി.ദീപ്പ | 15.01.19 മുതൽ 31.03.19 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.ഷാമില.പി.എച്ച് | 01.04.18 മുതൽ 31.3.19 വരെ |
| വി.ഇ.ഒ | ശ്രീ.ദിലീപ് കുമാർ | 01.04.18 മുതൽ 31.3.19 വരെ |
| | ശ്രീ.ഗിരീഷ് | 01.04.18 മുതൽ 19.11.18 വരെ |
| | ശ്രീമതി.ഷൈല ഇ | 28.11.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.ജയശ്രീ കെ.എൻ. | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.എസ്.അനിതകുമാരി | 01.04.18 മുതൽ 30.01.19 വരെ |
| | ഡോ.അഞ്ജലി.വി | 31.01.19 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ശ്രീജ ജി.എസ്. | 01.04.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ദീപ്തി വി. | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി. | ശ്രീമതി രശ്മി എസ്.കുമാർ | 01.04.18 മുതൽ 31.03.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ജയകുമാരി എം.ജി | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ഷീബാ മോൾ കെ.എം. | 01.04.18 മുതൽ 31.03.19 വരെ |

ഉള്ളടക്കം

| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് – വിശകലനം |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പുപദ്ധതി അവലോകനം |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം (മാന്വൽ പാർട്ട് 1 അനുബന്ധം ബി) |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികക്കണക്കുകളുടെ അവലോകനം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1-1 | ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് വിജ്ഞാപനം ചെയ്തിട്ടില്ല |
| 2-1-2 | വില്ലേജ് ഓഫീസ് കെട്ടിടത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി |
| 2-1-3 | വസ്തു നികുതി പുനർ നിർണ്ണയിച്ചപ്പോൾ നികുതിയിൽ കുറവ് വന്നു |
| 2-2-1 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 2-2-2 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 2-3 | പെർമിറ്റ് റഗുലറൈസേഷൻ ഫീ കുറഞ്ഞ നിരക്കിൽ വാങ്ങി |
| 2-4 | സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കുന്നില്ല. |
| 2-5 | ബസ് സ്റ്റാന്റ് ലേലം- അപാകതകൾ |
| 2-6 | ഇ.എം.ഡി ഇനത്തിൽ ലഭിച്ച ഡി.ഡി. പണമാക്കാതെ സൂക്ഷിച്ചു |
| 2-7 | ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല |
| ഭാഗം 3 – ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി -പ്രതിമാസ നിരക്കിൽ വേതനം നൽകി |
| 3-2 | ടാക്സി സ്റ്റാൻഡ് സ്ഥലമെടുപ്പ് -ഗ്രാമപഞ്ചായത്തിന് സ്ഥലം നഷ്ടമാകുന്ന സ്ഥിതിവിശേഷം |
| 3-3 | ചമ്പക്കരകുടിവെള്ള പദ്ധതി- ലക്ഷ്യം കൈവരിച്ചിട്ടില്ല- ആദ്യ പാർട്ട് ബില്ലിൽ നിന്നും അധികം തുക കരാറുകാരന് നൽകി |
| 3-4 | മെറ്റീരിയൽ റിക്കവറി സെന്റർ-പ്രവർത്തനം ആരംഭിച്ചിട്ടില്ല |
| 3-5 | ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ നിർമ്മാണ പ്രവൃത്തികൾക്ക് ഓവർ ഹെഡ്ചാർജ് അധികം നൽകി |
| 3-6 | കരാർ വയ്ക്കാൻ കാലതാമസം- പിഴ ഈടാക്കിയിട്ടില്ല |
| 3-7 | റോഡ് ടാറിങ്ങ് പ്രവൃത്തികൾ--ബാരൽ വില ഈടാക്കിയില്ല |
| 3-8 | കുന്നപ്പള്ളി കുടിവെള്ള പദ്ധതി- ലക്ഷ്യം കൈവരിച്ചിട്ടില്ല |
| 3-9 | പ്രവൃത്തി പൂർത്തീകരിക്കാൻ കാല താമസം -പിഴ ഈടാക്കിയില്ല |
| 3-10 | ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സ്വയംപ്രതിരോധ പരിശീലനം- മാർഗരേഖയ്ക്കനുസൃതമല്ല |
| 3-11 | പ്രത്യേക കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| 3-12 | തേനീച്ച വളർത്തൽ – ഫണ്ട് അപര്യാപ്തതമൂലം പ്രത്യേകമായി പരിശീലനപരിപാടി നടത്തിയില്ല |
| 3-13 | ലൈഫ് (ജനറൽ )ഭവന നിർമ്മാണം പൂർത്തീകരിക്കാനവശേഷിക്കുന്നു |
| 3-14 | ആശ്രയ ഒന്നും രണ്ടും ഘട്ട പദ്ധതികൾ- 807616/രൂപ ചെലവഴിക്കാതെ |

| | |
|---|---|
| | നിലനിൽക്കുന്നു |
| 3-15 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു |
| 3-16 | വിവിധ നിക്ഷേപ പ്രവൃത്തികൾ – വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം2 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ് വിശകലനം

കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 25.02.2018 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 28.02.2019-ൽ ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 4889090.55/- | 14068660.55/- | 9179570/- | |
| വരവ് | 84861000/- | 79799397/- | - | 5061603/- |
| ആകെ | 89750090.55/- | 93868057.55/- | 4117967/- | |
| ചെലവ് | 85307000/- | 75375783/- | - | 9931217/- |
| നീക്കിയിരിപ്പ് | 4443090.55/- | 18492274.55/- | 14049184/- | |

2018-19 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം (ബി-ഫണ്ട്, പഞ്ചായത്തിന് ക്യാഷ് വരവില്ലാതെ നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകുന്ന തുകയുൾപ്പടെ) വരുമാനം 10.9 കോടി രൂപയും ചെലവ് 11 കോടി രൂപയുമാണ്. ബജറ്റിൽ കണക്കാക്കിയ പ്രതീക്ഷിത വരവ്-ചെലവ് തുകകൾ യഥാർത്ഥ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ വ്യതിയാനമുണ്ടെന്ന് വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കി തുടർവർഷത്തെ പ്രതീക്ഷിത വരവ്-ചെലവ് കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2018-19 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2019 ആണ്. കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19ലെ വാർഷിക ധനകാര്യ പത്രിക പഞ്ചായത്ത് ഭരണസമിതി 29.04.2019-ലെ 3(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ എയിംസ് (Audit Information Management System) സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

# 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കേറ്റ് നൽകിയതിന്റെ വിവരം

കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 20.05.2019, 21.05.2019 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 22.05.2019-ലെ കെ.എസ്.എ.-കെ.ടി.എം.പി5-626/2019 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവുചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 14068660.55/- |
| വരവ് | 79799397/- |
| ആകെ | 93868057.55/- |
| ചെലവ് | 75375783/- |
| നീക്കിയിരിപ്പ് | 18492274.55/- |

# 1-5 ഫണ്ട് വിനിയോഗം

കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 13175732/- | 13175732/- | 13175732/- | 0/- | 100 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 7897000/- | 7897000/- | 7897000/- | 0/- | 100 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 298000/- | 298000/- | 243385/- | 54615/- | 81.7 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 12033000/- | 12033000/- | 12033000/- | 0/- | 100 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 2780000/- | 2780000/- | 2780000/- | 0/- | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7914293/- | 7914293/- | 5341165/- | 2573128/- | 67.5 |
| തൊഴിലുറപ്പ് പദ്ധതി(MNREGS) | 237737/- | 11751755/- | 11989492/- | 11984597/- | 4895/- | |
| ഐ.സി.ഡി.എസ്. (ICDS) | 594220/- | 531520/- | 1125740/- | 344271/- | 781469/- | |
| ശുചിത്വ മിഷൻ ഗ്രാന്റ് | 588639/- | 1411000/- | 1999639/- | 604730/- | 1394909/- | - |
| സംയുക്ത പ്രോജക്ട്(ബ്ലോക്ക്) | 0 | 2671892/- | 2671892/- | 2662445/- | 9447/- | |
| സംയുക്ത പ്രോജക്ട്(ജില്ല) | 0 | 1685937/- | 1685937/- | 1485885/- | 200052/- | |
| ഗുണഭോക്തൃ വിഹിതം | 132754/- | 233764/- | 366518/- | 365674/- | 844/- | |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ ലഭ്യമായ അലോട്ട്മെന്റും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം 9382357/- രൂപ ജനറൽ പർപ്പസ് ഫണ്ടായി ലഭിച്ചിട്ടുണ്ട്. തനത് ഫണ്ട് ട്രഷറി അക്കൗണ്ടിലൂടെയാണ് പ്രസ്തുത ഫണ്ടിന്റെ വിനിമയം നടത്തുന്നത്.

# 1-6 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 14.03.2018 ലെ ഉത്തരവ് നം. 490/18/ DPC/DPO/KTM പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 14/02/2018 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 21/02/2018 |
| വികസന സെമിനാർ | 28/02/2018 |
| ഊരുകൂട്ടം | 09/02/2018 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 77796071/- രൂപയും ആകെ ചെലവ് 57690807/- രൂപയുമാണ്. ചെലവുശതമാനം 74.16%. അംഗീകാരം ലഭിച്ച 220 പ്രോജക്ടുകളിൽ 194 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 8 | 8 | 1505000/- | 1076500/- | 71.5 |
| 2. | വെറ്ററിനറി സർജൻ | 8 | 8 | 2799000/- | 1596000/- | 57 |
| 3. | മെഡിക്കൽ ഓഫീസർ -PHC | 2 | 2 | 542000/- | 530766/- | 97.93 |
| 4. | മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 150000/- | 150000/- | 100 |
| 5. | മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 250000/- | 250000/- | 100 |
| 6. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 6 | 6 | 27750000/- | 20200000/- | 72.79 |
| 7. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 6 | 4700900/- | 4439975/- | 94.45 |
| 8. | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 34 | 28 | 5257958/- | 3663099/- | 69.67 |
| 9. | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്. | 3 | 2 | 805000/- | 756820/- | 94.01 |
| 10. | അസിസ്റ്റന്റ് എഞ്ചിനീയർ | 133 | 114 | 30352313/- | 21974459/- | 72.39 |
| 11. | ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 1800,000/- | 1200,000/- | 66.67 |
| 12. | അസിസ്റ്റന്റ് സെക്രട്ടറി | 16 | 16 | 1883900/- | 1853188/- | 98.37 |

| | | | | | |
|---|---|---|---|---|---|
| ആകെ | 220 | 194 | 77796071/- | 57690807/- | 74.16 |

2018-19 കാലയളവിലെ വിഭവസമാഹരണം, ഫണ്ട് വിനിയോഗം, പ്രോജക്ടുകളുടെ തെരഞ്ഞെടുക്കൽ, നടത്തിപ്പ്, പൂർത്തീകരണം എന്നിവ പരിശോധിച്ചതിൽ പ്രോജക്ടുകൾ എല്ലാ മേഖലകളിലും നടപ്പാക്കിയിട്ടുണ്ടെങ്കിലും സമഗ്രവികസനം എന്ന കാഴ്ചപ്പാട് പുലർത്താൻ പൂർണ്ണമായും സാധിച്ചിട്ടില്ലെന്ന് കാണുന്നു. ധനകാര്യകമ്മീഷൻ ഗ്രാന്റ്, റ്റി എസ് പി ഫണ്ട് എന്നിവ ഒഴികെയുള്ള സർക്കാർ ഫണ്ടുകൾ എല്ലാം തന്നെ 100% ചെലവഴിച്ചിരുന്നു. ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ ജില്ലാതലത്തിൽ ചെലവുശതമാനം കണക്കാക്കിയതിൽ കറുകച്ചാൽ ഗ്രാമപഞ്ചായത്ത് ഒന്നാമതായിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ പ്രതിമാസം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നു.

വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. പൊതുഭരണം/ധനകാര്യവുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് 15-5-17 ന് ശേഷം യോഗം ചേർന്നിട്ടില്ല. പ്രാദേശിക സാമ്പത്തികവികസനവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിരുന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങളൊന്നും നൽകിയിരുന്നില്ല. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവ ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

<u>വികസനകാര്യം</u>

വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം മുതൽ പദ്ധതി അംഗീകാരം വരെയുള്ള നടപടിക്രമങ്ങൾ ഫലപ്രദമാക്കുവാൻ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മറ്റിയുടെ കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി തയ്യാറാക്കുന്നതിൽ ഫലപ്രദമായ പങ്ക് വഹിച്ചിട്ടില്ല. 2018-19 വാർഷികപദ്ധതി അവലോകനത്തിന്റെ ഭാഗമായി വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ചെലവഴിക്കാൻ സാധിക്കാത്ത തുക ഉപയോഗിച്ച് പുതിയ പദ്ധതികൾ രൂപീകരിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

<u>ധനകാര്യം</u>

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പദ്ധതി പ്രവർത്തനത്തിൽ സജീവമായ പങ്ക് വഹിച്ചിട്ടില്ലായെന്ന് കാണുന്നു. വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നത് ഒഴികെ പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച വിലയിരുത്തലുകൾ ഉണ്ടാവുന്നില്ല. പഞ്ചായത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് ശ്ലാഘനീയമായ നടപടികൾ ഉണ്ടായിട്ടുണ്ട്.

<u>ആരോഗ്യം/വിദ്യാഭ്യാസം</u>

പദ്ധതി രൂപീകരണം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്ത് പ്രോജക്ട് നിർദ്ദേശങ്ങൾ ശുപാർശ ചെയ്തിരുന്നു. വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. മെറ്റീരിയൽ റിക്കവറി സെന്റർ നിർമ്മാണം, ഹരിത കർമ്മസേന സജ്ജമാക്കൽ, തുടങ്ങി അനേകം പദ്ധതി നിർദ്ദേശങ്ങൾ ശുപാർശ ചെയ്തിരുന്നു.

<u>ക്ഷേമകാര്യം</u>

വിവിധ ക്ഷേമപെൻഷനുകളുടെ അംഗീകാരം നൽകൽ എന്നിവയിൽ മാത്രമാണ് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനമുള്ളതായി കാണുന്നത്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഫലപ്രദമായി പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകിയതായി കാണുന്നില്ല.

# 1-7 തൊഴിലുറപ്പുപദ്ധതി അവലോകനം

തൊഴിലുറപ്പ് പദ്ധതിയുടെ 2018-19 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി ലേബർ ഗ്രാമസഭകൾ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2018-19 സാങ്കേതിക അനുമതി ലഭിച്ച 105 പ്രോജക്ടുകളിൽ 23 എണ്ണം മാത്രം തൻവർഷം നടപ്പിലാക്കി. 2018-19 വർഷം 33481 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 33481കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, പടുതാക്കുളം നിർമ്മാണം, നേഴ്സറി നിർമ്മാണം, ഫലവൃക്ഷതൈകൾ വെച്ച്പിടിപ്പിക്കൽ, കക്കൂസ് നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ് എന്നിങ്ങനെയുള്ള പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2018-19 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 237737/- |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 11127549/- | 624206/- |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 3706/- | |
| ആകെ | | | 861943/- |
| ചെലവ് | തൊഴിലാളികളുടെ വേതനം | 9177038/- | /- |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 387425/- | |
| | ഉപകരണങ്ങളുടെ വില, വാടക | 1313586/- | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 1106548/- | |
| നീക്കിയിരിപ്പ് | | | 4895/- |

# 1-8 സാമൂഹ്യക്ഷേമപദ്ധതികൾ

2017-18 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| തൊഴിൽരഹിത വേതനം | 29 | 54840/- |
| കർഷകതൊഴിലാളി പെൻഷൻ | 777 | 3190200/- |
| വിധവാപെൻഷൻ | 1857 | 7960200/- |
| വാർദ്ധക്യകാല പെൻഷൻ | 4480 | 20067200/- |
| വികലാംഗ പെൻഷൻ | 622 | 2634100/- |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 69 | 282700/- |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ | 4 | 120,000/- |

| | | |
|---|---|---|
| ധനസഹായം | | |

# 1-9 ക്യാഷ് പരിശോധന

കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.06.2019 തീയതിയിൽ 03.30 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 13010/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ചെലവുകളും നിയമപ്രകാരമാണെന്ന് സെക്ഷൻ ക്ലാർക്ക് പരിശോധിച്ച് ഉറപ്പുവരുത്തുകയും ആയത് അക്കൗണ്ടന്റ് ഉപരിപരിശോധന നടത്തുന്നുമുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി/പഞ്ചായത്ത് കമ്മറ്റി കൃത്യമായി നിരീക്ഷിച്ച് വരുന്നു.

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ 3 മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഏപ്രിൽ 2018 ന് ശേഷം അടുത്ത ഗ്രാമസഭായോഗം ചേരുന്നത് ഒക്ടോബർ 2018 നാണ്. ഇത് നിയമവിരുദ്ധമാണ്. കൂടാതെ കേരളപഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തന കലണ്ടർ ഫയലുകളിൽ സൂക്ഷിക്കുന്നില്ല. കരാർ വച്ച് ആരംഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നെങ്കിലും നിയമാനുസൃതമായ പിഴ ഈടാക്കി വരുന്നില്ല. ഭാഗികമായ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതുമൂലം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതായി കരുതുവാൻ സാധിക്കുന്നില്ല. (ഉദാ- കുടിവെള്ള പദ്ധതികൾ)

# 1-11 മറ്റ് ഓഡിറ്റുകൾ നടന്നതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.05.2019 | 01/03/2019 മുതൽ 30/04/19 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് | 02.05.17- | 2012-13 മുതൽ | എൽ.ബി.എ.(എച്ച്.ക്യൂ.)/I/ |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ് | മുതൽ 16.05.2017 വരെ | 2016-17 വരെ | LBAXIV/25-4-2016 |

# 1-12 വാർഷികകണക്കുകളുടെ അവലോകനം

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011ലെ ജി.ഒ.(എംഎസ്)152/11/എൽഎസ്ജിഡി യിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാദ്ധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരം കണക്കാക്കിയ 31.03.2019ലെ ജനറൽ ഫണ്ട് കൃത്യമല്ല.

3. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനം നാളിതുവരെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

4. വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5. ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിൽ ഡിമാന്റ്, കുടിശിക എന്നിവയില്ല. യഥാർത്ഥത്തിലുള്ള വരവാണ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലും പ്രതിഫലിക്കേണ്ടത്. എന്നാൽ കുടിശിക ഇനത്തിൽ പിരിച്ച തുകകൂടി ഉൾപ്പെടുത്തിയാണ് ഡിമാന്റ് (I-1ഷെഡ്യൂളിൽ) കണക്കാക്കിയത്.

6. B-15 ഷെഡ്യൂൾ പ്രകാരം ഡി & ഒ ലൈസൻസ് കുടിശിക 20,375/- രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം 21,400/- രൂപയാണ്.

7. I-6 ഷെഡ്യൂൾ പ്രകാരം sale of usufructs of trees എന്ന ഇനത്തിലെ ഡിമാന്റ് 1,85,819/- രൂപയും RP-5ൽ ഈ ഇനത്തിലുള്ള വരവ് 1,80,619/- രൂപയുമാണ്. ഈ ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള 5,200/- രൂപ ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ പ്രതിഫലിക്കുന്നില്ല. B-7 ഷെഡ്യൂളിൽ Auction Deposit എന്ന ശീർഷകത്തിൽ തൻവർഷത്തെ വരവ് തുകയിൽ 78,781/- രൂപ തെറ്റായി അക്കൗണ്ട് ചെയ്തതിനാലാണ് ഇപ്രകാരം വ്യത്യാസം ഉണ്ടായിട്ടുള്ളത്. B-7 ഷെഡ്യൂളിൽ Auction Deposit എന്ന ശീർഷകത്തിൽ 2014 മുതലുള്ള 56,942/- രൂപ കാലഹരണപ്പെട്ട ഡോപ്പോസിറ്റ് തുകയാണ്. ടി തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

8. ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിൽ അഡ്വാൻസ് ഹെഡിൽ കാണിച്ചിട്ടുള്ളതും വിവിധ സർക്കാർ ഏജൻസികളിൽ 2012-13 സാമ്പത്തികവർഷം മുതൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തതിനാൽ ക്രമീകരിക്കുവാൻ സാധിച്ചിട്ടില്ല. പൂർത്തീകരിച്ച പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം

ലഭ്യമാക്കി ചെലവ് തുക മുൻകൂർ ശീർഷകത്തിൽ നിന്നും യഥാർത്ഥത്തിലുള്ള ശീർഷകത്തിലേക്ക് മാറ്റേണ്ടതാണ്.

9. B-11(a) ഷെഡ്യൂളിൽ (capital work in progress) എല്ലാ പാർട്ട് ബില്ലുകളും ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം-295085/-, പഞ്ചായത്ത് ശ്മശാനനിർമ്മാണം-115596/- എന്നീ ചെലവുകൾക്കൂടി ഉൾപ്പെടുത്താനുണ്ട്.

10. തൊഴിലുറപ്പുപദ്ധതിയുടെ ഇഎഫ്എംഎസ് ഉൾപ്പെടെയുള്ള I-6 ലെ തുക കാഷ്ബുക്കിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1-1 ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് വിജ്ഞാപനം ചെയ്തിട്ടില്ല

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് 24.02.2015 ലെ സ.ഉ.(അച്ചടി)നം. 36/2015/തസ്വഭവ പ്രകാരം വരുത്തിയ ഭേദഗതിയിൽ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് 2006 (2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ മേൽ പറഞ്ഞ ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെങ്കിലും (13.4.18 ലെ3/2 നം തീരുമാനം) വിജ്ഞാപനം ചെയ്തതായി കാണുന്നില്ല. വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20) പത്ര പരസ്യം നല്കി വിജ്ഞാപനം ചെയ്തിട്ടില്ല എന്നും അടിയന്തിരമായി വിജ്ഞാപനം ചെയ്യുന്നതാണെന്നും സെക്രട്ടറി മറുപടി നല്കി.

കൂടാതെ പഞ്ചായത്തിലെ 12/6നം കെട്ടിടമായ എൻ.എസ്.എസ്.വർക്കിംഗ് വിമൻസ് ഹോസ്റ്റൽ (1357 ച.മീ) പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിരക്കായ ച.മീ. ന് 6രൂപ നിരക്കിലാണ് നികുതിനിർണ്ണയം നടത്തിയിട്ടുള്ളത്. ടി കെട്ടിടത്തിന്റെ നികുതി ഹോസ്റ്റലിന് ബാധകമായ നിരക്കായ 40 രൂപ നിരക്കിൽ പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

# 2-1-2 വില്ലേജ് ഓഫീസ് കെട്ടിടത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി

സഞ്ചയ റവന്യൂ മോഡ്യൂൾ പരിശോധിച്ചതിൽ വില്ലേജ് ഓഫീസിന്റെ 40 ച.മീ വിസ്തീർണ്ണം ഉള്ള കെട്ടിടത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി കണ്ടു. ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19) നികുതി നിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് മറുപടി നല്കി. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 2-1-3 വസ്തു നികുതി പുനർ നിർണ്ണയിച്ചപ്പോൾ നികുതിയിൽ കുറവ് വന്നു

ശ്രീമതി ലേഖ പണിക്കർ, വൃന്ദാവൻ, കറുകച്ചാൽ എന്നയാളുടെ പേരിലുള്ള 206.55 ച.മീ വിസ്തൃതിയിലുള്ളതും പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നതുമായ XIV /57 A നം. കെട്ടിടം 317.78 ച.മീ കൂടി പുനർ നിർമ്മാണം നടത്തുന്നതിന് അപേക്ഷ സമർപ്പിക്കുകയും പെർമിറ്റ് നല്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ അംഗീകൃത കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ വിസ്തൃതി 752.71ച.മീ. ആണ്. (കാർപോർച്ച്-54.65 ച.മീ, ഷെഡ് 20 ച.മീ ഉൾപ്പെടെ). ടി കെട്ടിടത്തിന്റെ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

678 ച.മീറ്ററിന് നികുതി നിർണ്ണയിച്ചപ്പോൾ നിലവിലുണ്ടായിരുന്ന തറ വിസ്തീർണ്ണം 206 ച.മീ ഉം മാറ്റം വന്ന തറ വിസ്തീർണ്ണം 472 ച.മീറ്ററുമായാണ് ചേർത്തിട്ടുള്ളത്. എന്നാൽ നികുതി നിർണ്ണയം നടത്തിയപ്പോൾ നിലവിലുണ്ടായിരുന്ന തറ വിസ്തീർണ്ണം (206 ച.മീ) ഒഴിവാക്കി മാറ്റം വന്ന തറ വിസ്തീർണ്ണത്തിനു (472 ച.മീ) മാത്രം നികുതി നിർണ്ണയിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><th></th><th>ചുമത്തിയ വസ്തു നികുതി</th><th>ചുമത്തേണ്ട വസ്തു നികുതി</th></tr>
<tr><td>ആകെ തറ വിസ്തീർണ്ണം</td><td>472 ച.മീ</td><td>678 ച.മീ</td></tr>
<tr><td>അടിസ്ഥാന വസ്തു നികുതി നിരക്ക്</td><td>6</td><td>6</td></tr>
<tr><td>അടിസ്ഥാന വസ്തു നികുതി</td><td>2832</td><td>4068</td></tr>
<tr><td>വർദ്ധന -റോഡിന്റെ തരം-20%</td><td rowspan="2">991.2</td><td rowspan="2">1424</td></tr>
<tr><td>തറ നിർമ്മിതിയുടെ തരം -15 %</td></tr>
<tr><td>വസ്തു നികുതി</td><td>3824 + LC</td><td>5492+ LC</td></tr>
</table>

ഇപ്രകാരം വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17) ശരിയായ രീതിയിലാണ് സഞ്ചയയിൽ ഡേറ്റാ എൻട്രി നടത്തിയിട്ടുള്ളതെന്ന് സെക്രട്ടറി മറുപടി നല്കി. ടി വീടിന് സഞ്ചയ പ്രകാരം മുൻപുണ്ടായിരുന്ന തറ വിസ്തീർണ്ണം 206 ച.മീ ആയിരുന്നുവെന്നും മാറ്റം വന്ന തറ വിസ്തീർണ്ണം 472 ച.മീ. ഉൾപ്പെടെ ആകെ തറ വിസ്തീർണ്ണം 678 ച.മീ എന്നുമാണ് ഡേറ്റാ എൻട്രി നടത്തിയിട്ടുള്ളതെന്നും സഞ്ചയ സോഫ്റ്റ് വെയറിന്റെ സാങ്കേതിക പ്രശ്നം മൂലമാകാം നികുതിയിൽ കുറവ് വന്നതെന്നും നികുതി പുനർനിർണ്ണയിക്കാമെന്നും അറിയിച്ചു. നികുതി പുനർ നിർണ്ണയിച്ച് കുറവു വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 2-2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങൾ 2018-19 വർഷം സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.നീതി മെഡിക്കൽ സ്റ്റോർ-അർബൻ ബാങ്ക്

2.കാടന്തോട് ചിട്ട്സ് ഫണ്ട്

3.അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്

4.മിൽക്ക് സൊസൈറ്റി -ചമ്പക്കര

5.മിൽക്ക് സൊസൈറ്റി-കറുകച്ചാൽ

6.മിൽക്ക് സൊസൈറ്റി -കുത്രപ്പള്ളി

7.പ്രീതി സൂപ്പർ ഹവായി റബ്ബർ ഇൻഡസ്ട്രീസ്

8.റബർ മാർക്കറ്റിംഗ് കോപ്പറേറ്റീവ് സൊസൈറ്റി-കറുകച്ചാൽ

9.ക്ഷീരോൽപ്പാദക സഹകരണ സംഘം-കറുകച്ചാൽ

10.ചമ്പക്കര ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ്

11.പോപ്പുലർ ഫിനാൻസ്-കറുകച്ചാൽ

12.മുളന്തോട്ടിൽ ഫിനാൻസ്-കറുകച്ചാൽ

13.മുത്തൂറ്റ് എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ്-കറുകച്ചാൽ

14.മുത്തൂറ്റ് സെക്യൂരിറ്റീസ്-കറുകച്ചാൽ

15.ഇൻഡസ് ഇൻഡ് മാർക്കറ്റിംഗ് ആന്റ് ഫിനാൻഷ്യൽ സർവ്വീസ് ലിമിറ്റഡ്-കറുകച്ചാൽ

16.മുളമൂട്ടിൽ ഫിനാൻസ്-കറുകച്ചാൽ.

17.ക്യാമൽ റബേഴ്സ് കുത്രപ്പള്ളി

18.പൂത്തൂരം കേബിൾ നെറ്റ് വർക്ക്

19.പെഷർ ഇൻഡ്യാ കോർപ്പറേഷൻ-ചമ്പക്കര.

20.രാജ ഹംസാശ്രമം വിദ്യാപീഠം-ചമ്പക്കര

21.ത്രിവേണി സൂപ്പർ മാർക്കറ്റ്

22.മുത്തൂറ്റ് എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ്

23.റേഡിയന്റ് ഡയഗ്നോസ്റ്റിക് സെന്റർ

24.ഹൈടെക് ഡയഗ്നോസ്റ്റിക്

25.ആയുർവ്വേദക്ലിനിക്-ശാന്തിപുരം

26.ഭാരത് ഇലക്ട്രോ പ്ലേറ്റിംഗ്

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-10)സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-2-2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ 2018-19 വർഷം സർക്കാർ സ്ഥാപനങ്ങളിലെ ജിവനക്കാരുടെ ഉൾപ്പെടെ തൊഴിൽ നികുതി ലഭ്യമാകുവാനുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ഗവ.ആയുർവ്വേദ ആശുപത്രി | രണ്ടാം അർദ്ധവർഷം |
| 2 | അർബൻ കോപ്പറേറ്റീവ് സൊസൈറ്റി | രണ്ടാം അർദ്ധവർഷം |
| 3 | കെ.റ്റി.ഡി.സി ബിയർ പാർലർ | രണ്ടാം അർദ്ധവർഷം |
| 4 | മുത്തൂറ്റ് സെക്യൂരിറ്റീസ് | രണ്ടാം അർദ്ധവർഷം |
| 5 | നീതി സ്റ്റോർ | രണ്ടാം അർദ്ധവർഷം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-5) തുക ഈടാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കാമെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 പെർമിറ്റ് റഗുലറൈസേഷൻ ഫീ കുറഞ്ഞ

# നിരക്കിൽ വാങ്ങി

തദ്ദേശ സ്വയം ഭരണ വകുപ്പ് (അർ.ഡി)സെക്രട്ടറിയുടെ 229813/ആർ.ഡി -2/15/തസ്വഭവ നമ്പർ കത്തിലൂടെ പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവല്ക്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ലാത്തതായും കാണുന്നു. ഗ്രാമപഞ്ചായത്ത് 2018-19 വർഷം പെർമിറ്റ് റഗുലറൈസേഷൻ ഫീ ഇനത്തിൽ കുറഞ്ഞ നിരക്ക് വാങ്ങിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമ | തരം/ഏരിയ | ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| 1 | ആന്റണി ജോസഫ് വെട്ടത്തുകുഴിയിൽ കുത്രപ്പള്ളി | റസിഡൻഷ്യൽ 79.70 m2 | 479 | 79.70x3x3=717 | 238 |
| 2 | വർഗീസ്.കെ.എസ് കുട്ടത്തിൽ-കുത്രപ്പള്ളി | റസിഡൻഷ്യൽ 84.42 | 507 | 84.42x3x3=760 | 253 |
| 3 | മജീഷ്.പി.ഏബ്രഹാം പുത്തൻവീട് | റസിഡൻഷ്യൽ 232.95 | 1398 | 232.95x3x3=2097 | 699 |
| 4 | പ്രകാശ് തോമസ് പുന്നശ്ശേരി-കറുകച്ചാൽ | റസിഡൻഷ്യൽ 58.79 | 353 | 58.79x3x3=529 | 176 |
| 5 | രതീഷ്കുമാർ. കെ.സി കുറിയാനിമറ്റം-തെങ്ങാലിപ്പടി | റസിഡൻഷ്യൽ 125.35 | 753 | 125.35x3x3=1128 | 375 |
| 6 | സെബാസ്റ്റ്യൻ ജോസഫ് അമ്പലത്തിങ്കൽ-കുത്രപ്പള്ളി | റസിഡൻഷ്യൽ 224.44 | 1327 | 224.44x3x3=2020 | 693 |
| 7 | മറിയാമ്മ മാത്യൂ വറുകുന്നേൽ-നെടുങ്ങാടപ്പള്ളി | റസിഡൻഷ്യൽ 190.61 | 512 | 190.61x3x3=1715 | 1203 |
| 8 | ത്രേസ്യാമ്മ – കഴിമ്പറമ്പിൽ കുത്രപ്പള്ളി | റസിഡൻഷ്യൽ 119.36 | 717 | 119.36x3x3=1074 | 357 |
| 9 | വർഗീസ് ചാക്കോ മക്കോലിൽ-ശാന്തിപുരം | റസിഡൻഷ്യൽ 134.38 | 806 | 134.38x3x3=1209 | 403 |
| 10 | ജോർജ് തോമസ് പട്ടാണിൽ-ചമ്പക്കര | റസിഡൻഷ്യൽ 422.97 | 2538 | 422.97x3x3=3807 | 1269 |
| 11 | മാത്യൂ ജോൺ-തകടിയേൽ | റസിഡൻഷ്യൽ 137.29 | 745 | 137.29x3x3=1236 | 491 |

| | | | | | |
|---|---|---|---|---|---|
| | ചമ്പക്കര | | | | |
| 12 | അനിൽകുമാർ<br>കരടിത്താനം-ശാന്തിപുരം | റസിഡൻഷ്യൽ<br>105 | 630 | 105x3x3=945 | 315 |
| 13 | ഷിജോ വർഗീസ്<br>പാറക്കൽ-ശാന്തിപുരം | കോമേഴ്സ്യൽ<br>11.19 | 112 | 11.19x5x3=168 | 56 |
| | ആകെ | | | | 6528 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 25/19.6.2019) റഗുലറൈസേഷൻ അനുവദനീയമായ സംഗതിയിൽ പെർമിറ്റ് നൽകുന്നില്ലാത്തതിനാൽ റഗുലറൈസേഷൻ ഫീസായി പെർമിറ്റ് ഫീസിന്റെ ഇരട്ടി മാത്രം വാങ്ങിയാൽ മതി എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. എന്നാൽ ആയത് അംഗീകരിക്കാവുന്നതല്ല. തദ്ദേശ സ്വയം ഭരണ വകുപ്പ് (അർ.ഡി)സെക്രട്ടറിയുടെ 229813/ആർ.ഡി-2/15/തസ്വഭവ ഉത്തരവ് അനുസരിച്ച് റഗുലറൈസേഷൻ ഫീസ് വാങ്ങേണ്ടതാണ്. കുറവായി ഈടാക്കിയ തുക ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

# 2-4 സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കുന്നില്ല

പഞ്ചായത്ത് വക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ കാലങ്ങളായി വാടക ഒടുക്കാതെയാണ് പ്രവർത്തിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.സബ് ട്രഷറി ഓഫീസ് -കറുകച്ചാൽ

2.എ.ഇ.ഓഫീസ് -കറുകച്ചാൽ

3.എ.ഇ.പി.ഡബ്ല്യു.ഡി റോഡ് സെക്ഷൻ

4.സബ് രജിസ്ട്രാർ ഓഫീസ്

മേൽ സ്ഥാപനങ്ങളാണ് കാലങ്ങളായി വാടക കൊടുക്കാതെ പ്രവർത്തിക്കുന്നത്. ഇതു സംബന്ധിച്ച് 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്. ടി സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകാനുള്ള കുടിശ്ശികയുടെ വിവരം ചുവടെ കൊടുക്കുന്നു.

| സ്ഥാപനം | കുടിശ്ശിക (2018-19) | ആകെ കുടിശ്ശിക-2018-19 ഉൾപ്പെടെ) |
|---|---|---|
| സബ് രജിസ്ട്രാർ ഓഫീസ്-കറുകച്ചാൽ | 16644 | 88768 |
| പി.ഡബ്ല്യൂ റോഡ് സെക്ഷൻ – കറുകച്ചാൽ | 8328 | 17596 |
| സബ് ട്രഷറി ഓഫീസ് – കറുകച്ചാൽ | 27528 | 286676 |
| എ.ഇ.ഓഫീസ് – കറുകച്ചാൽ | 24852 | 24892 |
| ആകെ | | 417932 |

വിവിധ സർക്കാർ ഓഫീസുകളിൽ നിന്നും ലഭിക്കുവാനുള്ള വാടക കുടിശിക അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-5 ബസ് സ്റ്റാന്റ് ലേലം-അപാകതകൾ

ഗ്രാമ പഞ്ചായത്ത് ബസ് സ്റ്റാന്റ് മുൻ വർഷത്തേക്കാൾ കുറഞ്ഞ നിരക്കിൽ ലേലം ചെയ്തതു മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ലേലം ആരംഭിച്ചത് 455000/-രൂപയിലും ലേലം കൊണ്ടത് 456000/-രൂപയിലുമായിരുന്നു. എന്നാൽ 2019-20 വർഷത്തേയ്ക്കുള്ള ലേലം നടത്തുന്നതിന് 26.02.2019 ൽ ലേല നടപടികൾ ആരംഭിച്ചുവെങ്കിലും ലേലത്തിൽ പങ്കെടുക്കുവാനായി നിരതദ്രവ്യം കെട്ടിവെച്ച രണ്ടുപേർ ലേലം വിളിക്കുവാൻ തയ്യാറായില്ല. ലേലത്തിന്റെ അടിസ്ഥാന തുകയായ 456000/-രൂപ കൂടുതലാണ് എന്നതാണ് കാരണമായി പറഞ്ഞത്. മുൻ വർഷങ്ങളിൽ ലേലം കൊണ്ട ശ്രീ.ബിജു തോമസ് വടക്കേപറമ്പിൽ എന്നയാളുടെ പരാതി പരിഗണിച്ച് അടിസ്ഥാന ലേലതുകയായി 375000/-രൂപ നിശ്ചയിച്ച് പുനർ ലേലം നടത്തുകയുണ്ടായി. ബസ് സ്റ്റാന്റിൽ ദിവസേന കയറിയിറങ്ങുന്ന ബസുകളുടെ എണ്ണം കണക്കാക്കി അതിന് ആനുപാതികമായല്ല ലേലതുക പുതുക്കി നിശ്ചയിച്ചിരുന്നത്. 378000/-രൂപയ്ക്ക് ശ്രീ.ബിജു തോമസ് വടക്കേപറമ്പിൽ എന്നയാൾ തന്നെയാണ് ലേലം കൊണ്ടത്. ആദ്യ ലേലനടപടികളിലും പുനർ ലേലത്തിലും ബിജു തോമസ്, ദിൽജിത്ത് ശശിധരൻ എന്നിവർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. ലേലതുകയിൽ 78000/-രൂപയുടെ കുറവാണ് മുൻ വർഷത്തേക്കാൾ ഉണ്ടായിട്ടുള്ളത്. ശ്രീ.ബിജു തോമസിന്റെ പരാതി പ്രകാരം ഹർത്താൽ, പണിമുടക്ക് എന്നിവ മൂലം വരുമാന നഷ്ടം ഉണ്ടായതായും, മൈ ബസ് കമ്പനി ബസുകൾ 25 ദിവസത്തെ തുക മാത്രമെ അടയ്ക്കുകയുള്ളു എന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ കരാറുകാരന് നഷ്ടം സംഭവിക്കുന്ന പക്ഷം നഷ്ടപരിഹാരം ലഭിക്കുന്നതിന് കരാറിൽ വ്യവസ്ഥ ചെയ്തിരുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-4) ന് മുൻവർഷങ്ങളിൽ ലേലംകൊണ്ട വ്യക്തിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് ലേലതുക കുറക്കുവാൻ പഞ്ചായത്തു കമ്മറ്റി തീരുമാനിച്ചതെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. 2019-20 വർഷം ഹർത്താൽ, പണിമുടക്ക് എന്നിവ ഉണ്ടാകും എന്നരീതിയിൽ കണക്കുകൂട്ടി ലേലനടപടികൾ നടത്തുന്നത് ശരിയായ നടപടിയല്ല. മൈ ബസ് ഉടമകൾ 25 ദിവസത്തെ തുക മാത്രമെ അടക്കുകയുള്ളു എന്ന ബസ് ഉടമകളുടെ വാദം അംഗീകരിക്കാവുന്നതല്ല. നിബന്ധനകൾക്ക് വിധേയമാകുന്ന ബസുകൾക്ക് മാത്രം ബസ് സ്റ്റാന്റ് ഉപയോഗിക്കുവാൻ അനുവാദം കൊടുക്കാവുന്നതാണ്. ലേല നടപടികൾ സംബന്ധിച്ച് പത്രപ്പരസ്യം കൊടുത്തിട്ടില്ലായെന്നും കാണുന്നു. വരും വർഷങ്ങളിൽ ലേലം സംബന്ധിച്ച വിവരങ്ങൾ പത്രപ്പരസ്യം നൽകി കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, അടിസ്ഥാന ലേലതുക മുൻ വർഷങ്ങളേക്കാൾ കുറയാതിരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 2-6 ഇ.എം.ഡി ഇനത്തിൽ ലഭിച്ച ഡി.ഡി. പണമാക്കാതെ സൂക്ഷിച്ചു

| | |
|---|---|
| പ്രോജക്റ്റ് നം | 8/19 |
| | |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പ്രോജക്ടിനായി ടെൻഡർ ക്ഷണിച്ചതിൽ ആവലോൺസിസ്റ്റം, കോട്ടയം എന്ന സ്ഥാപനം നൽകിയ ടെൻഡറിനോടൊപ്പം ഇ.എം.ഡി യായി സമർപ്പിച്ച 1750 രൂപയുടെ ഡി.ഡി. (ഡി.ഡി.നം.119684/8.5.18) ഫയലിനോടൊപ്പം കാണപ്പെട്ടു. ടി ഡി.ഡി.നാളിതുവരെ അക്കൗണ്ടിലെടുത്ത് പണമാക്കിയിട്ടില്ല. കാലാവധി കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇപ്രകാരം ഡി.ഡി. വരവിലെടുക്കാതെ സൂക്ഷിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13) ഡി.ഡി.രസീത് അടിച്ച് അക്കൗണ്ടിൽ സ്വീകരിച്ചില്ല എന്നത് വീഴ്ചയായിപ്പോയി എന്ന് മറുപടി നല്കി. പഞ്ചായത്തിലേക്ക് ലഭിക്കുന്ന എല്ലാ ഡി.ഡി കളും കൃത്യമായി വരവിലെടുത്ത് അക്കൗണ്ട് ചെയ്യപ്പെടേണ്ടതാണ്. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്. കൂടാതെ ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങൾ ഫിക്സഡ് ഡെപ്പോസിറ്റ് ആയി ലഭിക്കുന്നത് സെക്യൂരിറ്റി രജിസ്റ്ററിൽ കൃത്യമായി വിവരങ്ങൾ ചേർത്ത് സൂക്ഷിക്കാനും ശ്രദ്ധിയ്ക്കേണ്ടതാണ്.

# 2-7 ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് അതാത് ജില്ലാപഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2018-19 വർഷം കറുകച്ചാൽ ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന് ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായിരുന്നില്ല. ടെൻഡർ രജിസ്റ്റർ പ്രകാരം ടെൻഡർ ഫീസിനത്തിൽ ലഭിക്കുവാനുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജ.നം/പ്രോജക്ട് | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ആകെ ടെണ്ടർ ഫാറവില |
|---|---|---|
| 232/19ചമ്പക്കര കുടിവെള്ള പദ്ധതി | 5*2700 | 13500 |
| 195/19 കറുകച്ചാൽ ബസ് സ്റ്റാന്റിൽ | 1*2500 | 2500 |

| | | |
|---|---|---|
| വെയിറ്റിങ്ങ് ഷെഡ് നിർമ്മാണം | | |
| 192/19മഠത്തിനാൽ ചിറ അംഗൻവാടി രണ്ടാംഘട്ടം | 2*1550 | 3100 |
| ആകെ | | 19100 |

ഇ-ടെൻഡർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള 19100/- രൂപ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി -പ്രതിമാസ നിരക്കിൽ വേതനം നൽകി

| | |
|---|---|
| പ്രോജക്ട് നം | 5/19 |
| പ്രോജക്ടിന്റെ പേര് | തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി |
| അടങ്കൽ- തനത് ഫണ്ട് | 450000 |
| ചെലവ് | 288000 |
| നിർവ്വഹണ ഉദ്യോഗസ്ഥ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകളുടെ റിപ്പയറിങ്ങിനായി കരാറുകാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുകയും പ്രതിമാസനിരക്കിൽ തുക ക്വോട്ട് ചെയ്യുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.ജയൻ ചമ്പക്കര എന്നയാളെ 27.3.18ലെ കമ്മിറ്റി തീരുമാന പ്രകാരം തിരഞ്ഞെടുക്കുകയും ചെയ്തു. തെരുവുവിളക്കുകൾ അറ്റകുറ്റപ്പണികൾ നടത്തിയ വകയിൽ ടിയാൾക്ക് പ്രതിമാസം 24000 രൂപ നിരക്കിൽ 12 മാസത്തേക്ക് വേതനം നല്കിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 17-8-2015 ലെ ഉത്തരവ് നം ജി2-44274/2015 പ്രകാരം അഡാട്ട് മാതൃകയിൽ തെരുവുവിളക്കുകൾ മെയിന്റനൻസ് ചെയ്യുന്നതിനായി ദിവസവേതനത്തിൽ ഇലക്ട്രീഷ്യനെ നിയമിക്കാവുന്നതാണെന്നും ടിയാൾക്ക് നൽകാവുന്ന ദിവസവേതനം 700/- രൂപയാണെന്നും

വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ക്വട്ടേഷൻ നോട്ടീസിൽ ദിവസ വേതന നിരക്ക് ക്വാട്ട് ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നിട്ടും പ്രതിമാസ നിരക്കിലെ ക്വട്ടേഷൻ അംഗീകരിക്കുകയും പ്രതിമാസ നിരക്കിൽ വേതനം നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം പ്രതിമാസ നിരക്കിൽ വേതനം നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22) മറുപടിയായി പ്രാദേശികമായി ലഭ്യമായ കരാറുകാരന്റെ സേവനം മുഴുവൻ സമയവും പഞ്ചായത്തിന് ലഭ്യമാകുമെന്നതിനാലാണ് മാസവേതനാടിസ്ഥാനത്തിൽ തെരുവു വിളക്കുകളുടെ പരിപാലനം നടത്തുന്നതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. യൂണിറ്റ് അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തുന്ന പഞ്ചായത്തുകളുടെ ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ ഒട്ടും അധികരിയ്ക്കാത്ത തുകയ്ക്കാണ് പദ്ധതി നടപ്പാക്കുന്നതെന്നതിനാൽ പഞ്ചായത്തിന് ധന നഷ്ടമൊന്നും ഉണ്ടായിട്ടില്ല എന്നും അറിയിച്ചു. എന്നാൽ തെരുവു വിളക്കുകളുടെ മെയിന്റനൻസ് സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അടാട്ട് മാതൃകയിൽ തെരുവു വിളക്കുകളുടെ പരിപാലനം നടത്താവുന്നതാണ്. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി ഒരു കംപ്ലയിന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരനെക്കൊണ്ട് ദിവസ വേതനാടിസ്ഥാനത്തിൽ വർക്കുകൾ നടത്തേണ്ടതുമാണ്. കൂടാതെ ഒരു മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഇതിന്റെ കൃത്യത പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ ഇടപെടലുകൾ കൂടി ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

## 3-2 ടാക്സി സ്റ്റാൻഡ് സ്ഥലമെടുപ്പ് -ഗ്രാമപഞ്ചായത്തിന് സ്ഥലം നഷ്ടമാകുന്ന സ്ഥിതിവിശേഷം

കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 10/01/2007 ലെ 8(2)-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്ത് ഒരു ടാക്സി സ്റ്റാൻറ് നിർമ്മിക്കുന്നതിനുള്ള സ്ഥലം അക്വയർചെയ്യുന്നതിന് തീരുമാനം കൈക്കൊണ്ടു. കറുകച്ചാൽ ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിലെ കറുകച്ചാൽ വില്ലേജിലെ 434/3-2 -ാം നമ്പർ സർവ്വേയിൽ ഉൾപ്പെട്ടതും മേരി കുര്യൻ മുതൽപ്പേരുടെ കൈവശത്തിലും കരംതീരുവയിലുള്ളതുമായ 0.22 ഹെക്ടർ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിക്കുകയും, ടി തീരുമാനത്തിന് 18/01/2008-ലെ ജി.5955/17 KTDS ഉത്തരവിലൂടെ പഞ്ചായത്ത് ഡയറക്ടർ അനുമതി നൽകുകയും ചെയ്തു. ശേഷം സർക്കാർ അനുമതിക്കായി അപേക്ഷിക്കുകയും 21/02/2008 -ലെ സ.ഉ (സാ.ധാ) നം.551/2008 തസ്വഭവ ഉത്തരവു പ്രകാരം സർക്കാർ അനുമതി നൽകുകയും ചെയ്തു. ലാന്റ് അക്വിസിഷൻ വകുപ്പ് 17.6.2008 ൽ 4(1) വിജ്ഞാപനം ഗസറ്റിൽ പരസ്യപ്പെടുത്തി 15.7.08, 16.7.08 തീയതികളിലായി ഗസറ്റിൽ വിജ്ഞാപനം പരസ്യം ചെയ്തു. വിജ്ഞാപന സ്ഥലത്ത് പ്രാദേശിക പരസ്യം ചെയ്തത് 31.12.2008 ലാണ്. ടി സ്ഥലത്തിന്റെ വിലയായി 7620322/- രൂപ 24/04/2010- ൽ 191-ാം നമ്പർ ചെല്ലാൻ മുഖാന്തിരം എൽ.എ.സ്പെഷ്യൽ തഹസിൽദാർക്ക് ഒടുക്കുകയും ചെയ്തു. ടി വകയിൽ 57 ലക്ഷം രൂപ KURDFC-യിൽ നിന്നും 10.5% പലിശ നിരക്കിൽ സ്വീകരിച്ച ലോണും 1920322 രൂപ തനതു

ഫണ്ടുമായിരുന്നു. ഭൂമി അക്വയർ ചെയ്യൽ നടപടി പൂർത്തിയായത് 29/07/2016-ൽ രജിസ്ട്രേഷൻ വകുപ്പിന് Form 14-ൽ വിവരങ്ങൾ നൽകിയതോടുകൂടിയാണ് 1/08/2016 –ൽ ലാന്റ് അക്വിസിഷൻ ഫയൽക്ലോസ് ചെയ്തതായും റവന്യൂ വകുപ്പ് പഞ്ചായത്തിനെ അറിയിച്ചു. 2015-16 –ൽ 208/15-16 നമ്പർ പ്രോജക്ടിലൂടെ 3000000/- ലക്ഷം രൂപ അടങ്കലിൽ ടാക്സി സ്റ്റാൻഡ് നിർമ്മാണത്തിനായി പ്രോജക്ട് തയ്യാറാക്കുകയും രണ്ട് പാർട്ട് ബില്ലുകളിലായി 2016-17 വർഷം 1925176 (13-ം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) രൂപയും 600008 രൂപയും (തനത് ഫണ്ട് ) ചേർത്ത് ആകെ 2525184/- രൂപ ചെലവഴിച്ച് കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുകയും ചെയ്തു.

എന്നാൽ സ്ഥലമുടമകളായ ശ്രീ. പുന്നൻ കുര്യൻ മുതൽപ്പേർ 31.12.2008 ൽ സ്ഥലത്ത് വിജ്ഞാപനം നടത്തിയതായി ലാന്റ് അക്വിസിഷൻ വകുപ്പ് കൃത്രിമമായി രേഖയുണ്ടാക്കിയതാണെന്ന് കാട്ടി സ്ഥലമേറ്റെടുക്കലിനെതിരായി WP(C)-19575/10) നമ്പരായി ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ഏറ്റെടുക്കൽ നടപടികളിലെ ക്രമ വിരുദ്ധത ചൂണ്ടിക്കാട്ടി റവന്യൂ വകുപ്പ് സ്വീകരിച്ച സ്ഥലമേറ്റെടുക്കൽ നടപടികൾ എല്ലാം റദ്ദാക്കുകയും ഉടമകൾക്കനുകൂലമായി ബഹു. ഹൈക്കോടതി 14.8.2017 ൽ വിധി പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ ഇതിനു മുൻപായി 16.5.2013 ൽ ടി സ്ഥലം റവന്യൂ വകുപ്പ് മഹസർ തയ്യാറാക്കി പഞ്ചായത്തിന് കൈമാറിയിരുന്നു.

WP(C)-19575/10 നം.കേസിന്റെ വിധിയിലെ അപാകതകൾ ചൂണ്ടിക്കാട്ടി 783/2018 നമ്പരായി പഞ്ചായത്ത് ഡിവിഷൻ ബഞ്ചിൽ അപ്പീൽ ഫയൽ ചെയ്തു. ടി കേസിലും പഞ്ചായത്തിന് പ്രതികൂലമായി WP(C)-19575/10 കേസിലെ വിധി ശരി വെച്ച് ഉത്തരവായി. വീണ്ടും 826/18 നമ്പരായി റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തെങ്കിലും മേൽ വിധി ശരി വയ്ക്കുകയാണുണ്ടായത്.

മേൽ വിധികളിൽ Right to fair compensation and transperency in land acquisition, rehabilitation and resettlement act 2013 പ്രകാരമുള്ള നഷ്ട പരിഹാരം നല്കി പഞ്ചായത്തിന് സ്ഥലം ഏറ്റെടുക്കാവുന്നതാണെന്നും അല്ലാത്ത പക്ഷം സ്ഥലം ഉടമസ്ഥന് തിരികെ നൽകേണ്ടതാണെന്നും പരാമർശിച്ചു. എന്നാൽ നഷ്ടപരിഹാര തുക വളരെ ഭീമമായതും പഞ്ചായത്തിന് വൻ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതുമാണ്. പഞ്ചായത്തിന്റേതല്ലാത്ത പിഴവിന് വലിയ നഷ്ടം സഹിക്കേണ്ട സാഹചര്യം ഉള്ളത് പരിഗണിച്ച് സുപ്രീം കോടതിയിൽ ലീവ് പെറ്റീഷൻ നല്കാൻ 11.3.2019 ലെ 11 (1) നം തീരുമാനം പ്രകാരം പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചു. ആയതു പ്രകാരം ഹൈക്കോടതിയിലെ 826/18 നം. റിവ്യൂ പെറ്റീഷനിലെ വിധിക്കെതിരെ സുപ്രീം കോടതിയിൽ 17520/19 നമ്പരായി സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2016-17, 2017-18 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ ടാക്സി സ്റ്റാന്റിനായി സ്ഥലം ഏറ്റെടുത്തതിലെ അപാകതകളും ടാക്സിസ്റ്റാന്റ് പ്രവർത്തനം ആരംഭിക്കാത്തതു സംബന്ധിച്ചും പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട് (ഖണ്ഡിക 3.8,3-14). നിലവിൽ ടി സ്ഥലം കാടു പിടിച്ച് കിടക്കുകയാണ്. കോടതി വിധിക്കനുസരണമായി തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-3 ചമ്പക്കരകുടിവെള്ള പദ്ധതി- ലക്ഷ്യം

# കൈവരിച്ചിട്ടില്ല-ആദ്യ പാർട്ട് ബില്ലിൽ നിന്നും അധികം തുക കരാറുകാരന് നൽകി

| | |
|---|---|
| പ്രോജക്ട് നം | 232/19 |
| അടങ്കൽ | 11,82,200/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 455851/-(ആദ്യ പാർട്ട് ബിൽ)<br>Bill No 99/28-2-19 |
| കരാറുകാരൻ | ജേക്കബ് കുരുവിള |
| കരാർ നം | 96/AE/LSGD/KCL/2018-19 തീയതി06-12-18 |
| എം ബുക്ക് നം | 73/18-19 |

1) വാഴൂർ ബ്ലോക്ക് പഞ്ചായത്ത് നിർമ്മാണം നടത്തിയ കുളം ഉപയോഗപ്പെടുത്തി കുടിവെള്ള പദ്ധതി പൂർത്തീകരണം എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ പ്രോജക്ടായിരുന്നു ഇത്. പമ്പ് ഹൗസ്, പമ്പിങ്ങ് മെയ്ൻ, ഇലക്ട്രിഫിക്കേഷൻ എന്നിവ ബ്ലോക്ക്പഞ്ചായത്ത് പ്രോജക്ടായി നടപ്പാക്കുന്നതാണെന്നും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. ടാങ്ക് ബേസ്, 10000 ലിറ്റർ കപ്പാസിറ്റിയുള്ള രണ്ട് പിവിസി ടാങ്കുകൾ, വിതരണ പൈപ്പുകൾ, പമ്പ് സെറ്റ്, എന്നിവ ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്നതിനാണ് പ്രസ്തുത പ്രോജക്ടിൽ ലക്ഷ്യമിട്ടത്. ഒന്നിലധികം സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുമ്പോൾ പ്രോജക്ടിന്റെ മുഖ്യപങ്കാളിയാകുന്ന സ്ഥാപനം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി മറ്റ് പങ്കാളികൾ വിഹിതം കൈമാറുന്ന രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണമെന്നും തദ്ദേശ ഭരണസ്ഥാപനങ്ങൾ തമ്മിൽ നിർവ്വഹണം ആരംഭിക്കുന്നതിന് മുമ്പ് ഒരു കരാറിൽ ഏർപ്പെടണമെന്നും സ.ഉ.(കൈ)നം11/2018/തസ്വഭവ തീയതി 29-01-18 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഒരേ പദ്ധതിയ്ക്ക് വേണ്ടി രണ്ട് സ്ഥാപനങ്ങൾ പ്രോജക്ട് തയ്യാറാക്കുന്ന സ്ഥിതിവിശേഷം ഒഴിവാക്കേണ്ടതുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ രേഖാമൂലമുള്ള അറിയിപ്പ് ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടില്ല.

15-6-19 ന് പ്രസ്തുത സ്ഥലം ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തിയതിൽ ടാങ്ക് ബേസ് നിർമ്മാണം പൂർത്തീകരിക്കുകയും വാട്ടർ ടാങ്ക് വാങ്ങിയിട്ടുള്ളതായും കാണുന്നു. മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചതായി കാണുന്നില്ല. പദ്ധതി പൂർത്തീകരണത്തിന് ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന തുടർ നടപടികൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/17.6.2019) മറുപടി ലഭ്യമായില്ല. നടപടിക്രമങ്ങൾ പാലിച്ച് മാത്രം സംയുക്ത പ്രോജക്ട് നടപ്പാക്കാൻ

ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനാൽ പ്രസ്തുത പ്രോജക്ടിന് ഭാഗീകമായി ചെലവഴിച്ച 455851/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) പ്രസ്തുത പ്രോജക്ടിനായി ഐറ്റം റേറ്റ് ടെൻഡർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് (1064649/- രൂപ) ക്വാട്ട് ചെയ്ത ജേക്കബ് കുരുവിള എന്ന കരാറുകാരന്റെ ടെൻഡർ അംഗീകരിക്കുകയും ചെയ്തു. എന്നാൽ ആദ്യ പാർട്ട് ബിൽ തയ്യാറാക്കിയ വേളയിൽ കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിൽ ബിൽ തയ്യാറാക്കേണ്ടതിന് പകരം എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം നം | നൽകിയതുക എസ്റ്റിമേറ്റ് പ്രകാരമുള്ളത് | കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് | അധികം നൽകിയത് |
|---|---|---|---|
| 2 | 0.864m3 @6453.91 =Rs.5576.18 | 0.864m3 @6300 =Rs.5443.2 | 132.98 |
| 3 | 4.098m3 @8957.56 =Rs.36708.08 | 4.098m3 @8500 =Rs.34833 | 1875.08 |
| 4 | 2.624m3 @10298 =Rs.27021.95 | 2.624m3 @10200 =Rs.26764.8 | 257.15 |
| 5 | 5.088m3 @10651.62 =Rs.54195.44 | 5.088m3 @10600 =Rs.53932.8 | 262.64 |
| 7 | 21.241m3 @608.62 =Rs.12927.69 | 21.241m3 @600 =Rs.12744.6 | 183.09 |
| 8 | 34.02m3 @494.19 =Rs.16812.34 | 34.02m3 @490 =Rs.16669.8 | 142.54 |
| 9 | 36m3 @674.27 =Rs.24273.72 | 36m3 @670 =Rs.24120 | 153.72 |
| 10 | 1288.468Kg @81.57 =Rs.105100.33 | 1288.468m3 @81 =Rs104365.908 | 734.422 |
| 11 | 46.465m3 @232.90 =Rs.10821.69 | 46.465m3 @230 =Rs.10686.985 | 134.74 |
| ആകെ അധികം നൽകിയ തുക | | | 3876.362 |

അധികം നൽകിയ തുക കരാറുകാരനിൽനിന്നും ഈടാക്കുകയോ ഫൈനൽ ബില്ലിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. പദ്ധതിലക്ഷ്യം കൈവരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 3-4 മെറ്റീരിയൽ റിക്കവറി സെന്റർ-പ്രവർത്തനം ആരംഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 43/19 |
| അടങ്കൽ | 3,00,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 292816/-(Bill No 107/22-3-19) |
| കരാറുകാരൻ | സന്തോഷ് കുമാർ.എസ് |
| കരാർ നം | 56/AE/LSGD/KCL/2018-19 തീയതി20-08-18 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ അജൈവമാലിന്യങ്ങൾ സംഭരിക്കുകയെന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം. പഞ്ചായത്ത് മാർക്കറ്റിലെ കടമുറിയുടെ മുകളിലായി അലൂമിനിയം റൂഫിങ്ങ് ഷീറ്റ് നിർമ്മിച്ച് ഷെഡ് തയ്യാറാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നടപ്പാക്കിയിരുന്നു. പ്രസ്തുത സ്ഥലം 15-6-18 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ മാലിന്യങ്ങളുടെ ശേഖരണം ആരംഭിച്ചിട്ടില്ലായെന്ന് കാണുന്നു.

ഷെഡിന്റെ പല ഭാഗങ്ങളിലും മുകൾനില കോളം വാർക്കുവാൻ ഉദ്ദേശിച്ച് സ്ഥാപിച്ച കമ്പികൾ ഉയർന്നു നിൽക്കുന്നുണ്ട്. ശേഖരിക്കുന്ന മാലിന്യങ്ങൾക്ക് റീസൈക്ലിങ്ങിന് സംവിധാനം ഒരുക്കിയിരുന്നില്ല. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് (ഗ്രീൻ പ്രൊട്ടോക്കോൾ) ബൈലാ ഗ്രാമപഞ്ചായത്തിന്റെ 4-5-18 ലെ 8(1) നം തീരുമാനപ്രകാരം അംഗീകരിച്ചിരുന്നുവെങ്കിലും ഡയറക്ടറുടെ അംഗീകാരം ലഭ്യമാകാത്തതിനാൽ നടപ്പാക്കിയിട്ടില്ല. മാലിന്യ ശേഖരണത്തിനായി ഗ്രാമപഞ്ചായത്ത് വാർഡ് തലത്തിൽ ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനങ്ങളൊന്നും ആരംഭിച്ചിട്ടില്ലായെന്ന് കാണുന്നു. ഹരിത കർമ്മസേനയെ സജ്ജമാക്കി അജൈവമാലിന്യം തരം തിരിച്ച് വൃത്തിയാക്കി പുനഃചംക്രമണത്തിന് സജ്ജമാക്കി മെറ്റീരിയൽ റിക്കവറി കേന്ദ്രത്തിലേക്ക് എത്തിക്കുന്നതിന് വേണ്ട സംവിധാനങ്ങൾ ഒരുക്കുന്നതിനും മാലിന്യനീക്കം ഫലപ്രദമാക്കുന്നതിനും അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

# 3-5 ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ നിർമ്മാണ പ്രവൃത്തികൾക്ക് ഓവർ ഹെഡ് ചാർജ് അധികം നൽകി

ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃ സമിതി മുഖേന നിർമ്മാണം നടത്തുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിരുന്നത് കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കിയും 10% ഓവർ ഹെഡ്ചാർജ് ഉൾപ്പെടുത്തിയുമായിരുന്നു. ഫിനാൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14-12-2016 ലെ Ind&pw-B2/266/2016-Fin കത്ത്, തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11-5-17 ലെ ഡിബി3/6512(B)/13/CE/ തസ്വഭവ എന്നിവ പ്രകാരം ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തുന്ന പ്രവൃത്തികളിൽ 7.5% ഓവർഹെഡ്ചാർജ് അനുവദിച്ചാൽ മതിയെന്നും 1-7-2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ അതിന് ശേഷം അളവുകളെടുക്കുന്ന ബില്ലിൽ നിന്നും 5%തുക കുറവ് ചെയ്യാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. താഴെ പറയുന്ന പ്രവർത്തികളുടെ ബിൽ തുകയിൽ നിന്നും ഓവർഹെഡ്ചാർജ് ഇനത്തിൽ 2.5%തുകയും വാറ്റ് ഈടാക്കാത്ത വർക്കുകളിൽ 5% തുകയും കൂടി അധികമായി കൺവീനർക്ക് നൽകാനിടയായി

| പ്രോനം &പേര് | ആകെ വേലമൂല്യം | നൽകാവുന്ന തുക | വാറ്റ് 5% ഈടാക്കാത്തതിനാൽ കുറവ് ചെയ്യേണ്ടതുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | 2 | 3 | 4 | 2-3+4 |
| 203/19 നെത്തല്ലൂർ-ശൂലിപ്പുറം റോഡ് കോൺക്രീറ്റിംഗ് കൺവീനർ- പി.പി.പ്രസന്നകുമാർ | 43478 Bill No 25/26-6-18 | 43478x1.075/1.10 =42489 | 43478x5% =2174 | 3163 |
| 202/19 കൈതക്കാട്ടുപടി തെക്കേനടക്കാവ് റോഡ് കോൺക്രീറ്റിംഗ് കൺവീനർ- ബിനു.കെ | 49803 Bill No 15/22-5-18 | 49803x1.075/1.10 =48671 | VAT ഈടാക്കിയിട്ടുണ്ട്. | 1132 |

ഓവർഹെഡ്ചാർജ് ഇനത്തിൽ അധികം നൽകിയ തുകയായ 4295/- രൂപ ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

# 3-6 കരാർ വയ്ക്കാൻ കാലതാമസം- പിഴ ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 95/19 വെള്ളമാക്കൽ തുരുത്തിക്കാട് റോഡ് |

| | |
|---|---|
| | കോൺക്രീറ്റിങ്ങ് |
| അടങ്കൽ | 200000/-(മെയിന്റനൻസ് ഗ്രാന്റ്) |
| ചെലവ് | 199827/- |
| കരാറുകാരൻ | പ്രീത് മാത്യു |
| കരാർ നം | 49/AE/LSGD/KCL/2018-19 തീയതി06-7-18 |

ടെൻഡർ അംഗീകരിച്ച് 16-6-18 ൽ അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരന് നൽകിയ സെലക്ഷൻ നോട്ടീസ് പ്രകാരം 14 ദിവസത്തിനകം അതായത് 30-6-2018 നകം കരാർ വയ്ക്കേണ്ടതാണെന്നും നിശ്ചിത തീയതിയ്ക്കകം കരാർ വയ്ക്കാത്ത പക്ഷം കരാർ തുകയുടെ 1% പിഴയായ 2000/-രൂപ കൂടി ഒടുക്കി 10 ദിവസത്തേയ്ക്ക് കൂടി സാവകാശം നൽകുന്നതാണെന്നും അറിയിച്ചിരുന്നു. എന്നാൽ കരാറുകാരൻ കരാർ വച്ചത് 6-7-2018 ൽ മാത്രമാണ്. കരാർ വയ്ക്കുന്നതിനുള്ള കാലതാമസത്തിന് പിഴ തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, കരാറുകാരൻ കൃത്യസമയത്ത് കരാർ സമർപ്പിച്ചിരുന്നുവെന്നും ക്ലറിക്കൽ തകരാർ മൂലമാണ് ഫയലിൽ രേഖപ്പെടുത്തിയതിൽ പിശക് സംഭവിച്ചതെന്നും അസി. എഞ്ചിനീയർ മറുപടി ലഭ്യമാക്കി. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. കരാറിലും സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് നൽകിയ കത്തിലും, ബില്ലിലും എല്ലാം കരാർ തീയതി 6-7-2018ആയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കരാർ നിശ്ചിത സമയത്ത് വയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും 2000/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# 3-7 റോഡ് ടാറിംഗ് പ്രവൃത്തികൾ- ബാരൽ വില ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ള ബിറ്റുമിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക പാക്ക്ഡ് ബിറ്റുമിന്റേതാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ബാരൽ വില (236+18%GST) ബില്ലിൽ കുറച്ച ശേഷം കരാറുകാരന് തുക നൽകേണ്ടതായിരുന്നു. ഇതുചെയ്യാത്തതുമൂലം പഞ്ചായത്ത് വിവിധ വർക്കുകളിലെ കരാറുകാർക്ക് അധികം തുക നൽകുവാൻ ഇടയാവുകയും തൻമൂലം സർക്കാർ ഫണ്ട് അധികമായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്ക് ഉപയോഗിച്ച ബിറ്റുമിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം & പേര് | ഉപയോഗിച്ച ബിറ്റുമിൻ (in Kg) | | | ഉപയോഗിച്ച ബാരലിന്റെ എണ്ണം | ബാരലിന്റെ വില @ 278/- |
|---|---|---|---|---|---|---|
| | | SS1 | RS1 | S65 | | |
| 1 | 186/19 കുറുകച്ചാൽ | 299.35 | 79.24 | 743.08 | 7ബാരൽ | 20x278=5560 |

| | | | | | | |
|---|---|---|---|---|---|---|
| | അദ്ധ്യാപകസഹകരണ ബാങ്ക് റോഡ് റീടാറിംഗ് (കരാറുകാരൻ-ആന്റോ ജോബ്) | | | | | |
| 2 | 182/19 മാക്കി മറ്റത്തിങ്കൽ റോഡ് റീടാറിങ്ങ് (കരാറുകാരൻ-ആന്റോ ജോബ്) | 299.37 | 79.25 | 789.41 | 7 ബാരൽ | |
| 3 | 185/19 കണ്ടങ്കേരി കല്ലുകുഴി റോഡ് ടാറിങ്ങ് (കരാറുകാരൻ-ആന്റോ ജോബ്) | 243.53 | 64.643 | 678.82 | 6 ബാരൽ | |

ആകെ അധികം നൽകിയ തുക Rs.5560/- രൂപ കരാറുകാരിൽനിന്നും തിരികെ ഈടാക്കി അതാത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

# 3-8 കുന്നപ്പള്ളി കുടിവെള്ള പദ്ധതി- ലക്ഷ്യം കൈവരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 170/19 |
| അടങ്കൽ | 490000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 178764/-(Bill No 100/16-3-19) |
| കരാറുകാരൻ | പ്രീത് മാത്യു |

ഗ്രാമപഞ്ചായത്ത് വക കുളം സ്ഥിതിചെയ്യുന്ന കുന്നപ്പള്ളി പ്രദേശത്ത് കുടിവെള്ളപദ്ധതി എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പ്രോജക്ടായിരുന്നു ഇത്. തൻവർഷം വാട്ടർ ടാങ്ക്, ടാങ്ക് ബേസ്, പമ്പ് ഹൗസ് എന്നിവയ്ക്ക് മാത്രമായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. നിലവിൽ ടാങ്ക് ബേസിന്റെ നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്.
പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കിയിട്ടില്ല. പമ്പിംഗ്, വിതരണ ലൈനുകൾ, മോട്ടോർ സ്ഥാപിക്കൽ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഇല്ല. നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പദ്ധതി ലക്ഷ്യം കൈവരിക്കാനുതകുന്ന എല്ലാ ഇനം പ്രവൃത്തികളും ഉൾപ്പെടുത്തണമെന്ന സർക്കാർ നിർദ്ദേശവും പാലിച്ചിട്ടില്ല.
- ടാങ്ക് നിർമ്മാണത്തിന് പഞ്ചായത്തിന് ലഭിച്ച സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കിയത് സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

- എല്ലാ കുടിവെള്ള പദ്ധതികൾക്കും പരമാവധി ഗുണഭോക്തൃവിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ പ്രോജക്ടിൽ ഉൾപ്പെടുത്തണമെന്ന മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചിട്ടില്ല.

  മേൽ പറഞ്ഞ അപാകതകൾ നിലനിൽക്കുന്നതിനാലും കുടിവെള്ളപദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാലും നാളിതുവരെ പ്രസ്തുത പ്രോജക്ടിനായി ചെലവഴിച്ച 178764/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-9 പ്രവൃത്തി പൂർത്തീകരിക്കാൻ കാല താമസം -പിഴ ഈടാക്കിയില്ല

ജി.ഒ (എം.എസ്) 74/2014 എൽ.എസ്.ജി.ഡി തീ.7.5.2014 ക്ര.നം 12 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികൾ കേരള പൊതുമരാമത്ത് മാന്വൽ 2012 പാലിച്ചുകൊണ്ടായിരിക്കണം നടപ്പാക്കേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത മാന്വലിന്റെ ഖ.2112-1 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടി വരുന്ന ഘട്ടത്തിൽ കരാർ തുകയുടെ നിശ്ചിത ശതമാനം പിഴ ഈടാക്കി ദീർഘിപ്പിക്കാമെന്ന് വ്യവസ്ഥയുണ്ട്. ഇതിന് യഥാർത്ഥ പൂർത്തീകരണ കാലാവധിക്കു മുൻപ് കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ സമർപ്പിക്കണം. ഇങ്ങനെ പരമാവധി ദീർഘിപ്പിച്ച് നൽകാവുന്ന സമയം യഥാർത്ഥ പൂർത്തീകരണ സമയത്തിന്റെ 50% മാത്രമാണ്. എന്നാൽ 2017-18 വർഷം യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാർക്കെതിരെ പൊതുമരാമത്ത് മാന്വലിൽ നിർദ്ദേശിച്ചിട്ടുള്ള നടപടികളൊന്നും പാലിച്ചിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം, പേര് | 188/19 മഠത്തിനാൽപ്പടി സി.സി.റോഡ് റീ ടാറിംഗ് | 184/19 താന്നിക്കുന്നേൽ നടപ്പാത കോൺക്രീറ്റിംഗും സൈഡ് കെട്ടും വാർഡ് 16 |
| അടങ്കൽ | 400,000/- | 160000 |
| പൂർത്തീകരിക്കേണ്ട കാലയളവ് | 3 മാസം | 3മാസം |
| കരാറുകാരൻ | ബേബി കുര്യാക്കോസ് | പ്രീത് മാത്യു |
| എഗ്രിമെന്റ് നം.തീയതി | 24/AE/LSGD/ KCL/2017-18 തീയതി 29.9.17 | 10/AE/LSGD/KCL/ 17-18/23.9.17 |
| എം.ബുക്ക് നം. | 92/17-18 | 103/17-18 |
| കരാർ തുക | 363191 | 144360 |
| സൈറ്റ് കൈമാറിയ തീയതി | 29.9.17 | 30.9.17 |

| | | |
|---|---|---|
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 28.12.17 | 29.12.17 |
| പൂർത്തിയാക്കിയ തീയതി | 7.3.2018 | 7.3.18 |
| ബിൽ നം., തുക | 14/21.5.18-363161 | 8/22.5.18-70527<br>23/26.6.18-14916 |
| ഈടാക്കാമായിരുന്ന പിഴ | 29.12.17മുതൽ 12.2.2018 വരെ 363191 രൂപയുടെ 1% -3631<br>13.2.18മുതൽ 7.3.18 വരെ 2%(22 ദിവസം)-3551<br>3631+3551 =7182 | 30.12.17മുതൽ 13.2.2018 വരെ 144360 രൂപയുടെ 1% -1444<br>14.2.18 മുതൽ 7.3.18 വരെ 2%-1348<br>(21 ദിവസം)<br>1445 + 1348=2792 |
| കരാറുകാരന് തുക നല്കിയതിന്റെ വിവരം | 355897രൂപ<br>SBI – 57038068544 | 70527<br>14916<br>KLGB-4058410102738 |

പ്രവൃത്തി സമയം നീട്ടിക്കിട്ടുന്നതിനുള്ള അപേക്ഷ പോലും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പൊതുമരാമത്ത് മാന്വലിന് വിരുദ്ധമായി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് അളവ് രേഖപ്പെടുത്തി പിഴ ഈടാക്കാതെ കരാറുകാരന് തുക നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 24/19.6.2019) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 3-10 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സ്വയംപ്രതിരോധ പരിശീലനം -മാർഗരേഖയ്ക്കനുസൃതമല്ല

| | |
|---|---|
| പ്രോജക്ട് നം | 12/19 ഹൈസ്കൂൾ വിദ്യാർത്ഥിനികൾക്ക് സ്വയംപ്രതിരോധ പരിശീലനം |
| *നിർവഹണോദ്യോഗസ്ഥ* | ഹെഡ്മിസ്ട്രസ് |
| അടങ്കൽ | 90000/-<br>വികസനഫണ്ട്-പൊതുവിഭാഗം |
| ചെലവ് | 66820/- |

മേൽ പ്രോജക്ടിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളിലെ (എൻ.എസ്സ്.എസ്സ്.ഹൈസ്കൂൾ,കറുകച്ചാൽ, സി.എം.എസ് ഹയർ സെക്കൻഡറി സ്കൂൾ, നെടുങ്ങാടപ്പള്ളി) വിദ്യാർത്ഥിനികൾക്ക് സ്വയംപ്രധിരോധ പരിശീലനം നല്കിയിട്ടുണ്ട്. ജി.ഒ(എം.എസ്സ്)നം.11/18 തീയതി 29/01/18 ഖണ്ഡിക 7.6 (14)പ്രകാരം മേൽ പറഞ്ഞ പ്രോജക്ട് ഹൈസ്കൂളുകളിൽ നടപ്പാക്കേണ്ടത് ജില്ലാപഞ്ചായത്താണ്. ഗ്രാമപഞ്ചായത്ത് ടി പ്രോജക്ട് നടപ്പാക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.03/14-06-19) മാർഗരേഖ ഖണ്ഡിക 6.3(5),(8) എന്നിവ പ്രകാരം സ്ത്രീകൾക്കും, പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമരഹിത പഞ്ചായത്തായി മാറ്റുന്നതിനനുയോജ്യമായ പ്രോജക്ട് എന്ന നിലയിലാണ് കരാട്ടെ പരിശീലനം നല്കിയതെന്നും വനിതാശാക്തീകരണം എന്ന ലക്ഷ്യത്തോടെ ഒരു നൂതന പ്രോജക്ട് നടപ്പിലാക്കാൻ പഞ്ചായത്ത് ശ്രമിച്ചതാണെന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടി നല്കിയിട്ടുണ്ട്. മാർഗരേഖക്കനുസൃതമായി മാത്രം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

# 3-11 പ്രത്യേക കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 81/19<br>പ്രത്യേക കന്നുകുട്ടി പരിപാലനം |
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 600000/- |
| ചെലവ് | 300000/-<br>ബിൽ നം 1/18-19<br>തീയതി 3.7.18 |

മേൽ പ്രോജക്ട് പ്രകാരം 24 ഗുണഭോക്താക്കൾക്ക് 12500/-രൂപ നിരക്കിൽ ആകെ 300000/-രൂപ ജില്ലാ കാഫ്ഫീഡ് സബ്സിഡി പ്രോഗ്രാം ഓഫീസർക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരം പരിശോധനയ്ക്കായി ഹാജരാക്കുന്നത് സംബന്ധിച്ച് എൻക്വയറി (നം.16/17-06-19) നല്കി. മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 300000/-രൂപ ഓഡിറ്റിൽ താൽക്കാലികമായി തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-12 തേനീച്ച വളർത്തൽ -ഫണ്ട് അപര്യാപ്തതമൂലം പ്രത്യേകമായി പരിശീലനപരിപാടി നടത്തിയില്ല

| | |
|---|---|
| പ്രോജക്ട് നം. | 117/19<br>തേനീച്ചകൃഷി |

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 50000/- |
| ചെലവ് | 50000/-<br>30000/-(പ്ലാൻ ഫണ്ട്)<br>20000/-(ഗുണഭോക്തൃ വിഹിതം) |

മേൽ പ്രോജക്ട് പ്രകാരം 29 ഗുണഭോക്താക്കൾക്ക് 50 തേനീച്ചകോളണിയും, തേനീച്ചക്കൂട്ടം ഹോർട്ടികോർപ്പിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ജി.ഒ(എം.എസ്സ്)നം.22/18 തീയതി 14/02/18 ഖണ്ഡിക 6.1 പ്രകാരം ഗുണഭോക്താക്കൾക്ക് പരിശീലനം നൽകേണ്ടതുണ്ട്. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.11/17-6-19 നല്കി. പ്ലാൻ ഫണ്ടായി ലഭിച്ച 30000/-രൂപ തേനീച്ചകോളണി വിതരണത്തിനായി വിനിയോഗിച്ചു. പരിശീലനത്തിനായി പ്രത്യേക തുക അനുവദിച്ചില്ല. ഗുണഭോക്താക്കളുടെ ആവശ്യപ്രകാരം "തേനീച്ച വളർത്തൽ" എന്ന വിഷയത്തിൽ "ആത്മ"യുമായി ചേർന്ന് capacity building programme ൽ പരിശീലനം ലഭിച്ചിട്ടുണ്ടെന്ന മറുപടി ലഭിച്ചു. എന്നാൽ പരിശീലനം ലഭിച്ചതിനെ സാധൂകരിക്കുന്ന രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ മാർഗനിർദ്ദേശപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുകയും അതിനാവശ്യമായ ഫണ്ട് ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

# 3-13 ലൈഫ് (ജനറൽ) ഭവനനിർമ്മാണം പൂർത്തീകരിക്കാനവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം. | 165/19 (ലൈഫ് ജനറൽ) |
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | 2,12,00,000/- |
| ചെലവ് | 1,39,00,000/- |

മേൽ പ്രോജക്ട് പ്രകാരം 44 ഗുണഭോക്താക്കൾക്കാണ് 400000/- രൂപ വീതം ഭവനനിർമ്മാണത്തിനായി ധനസഹായം ലഭിക്കുന്നത്. ഇതിൽ 29 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കി. 15 പേർ ഇനിയും പൂർത്തിയാക്കാനുണ്ട്. ഫണ്ട് ലഭ്യമല്ലാത്തതിനാൽ ടി ഗുണഭോക്താക്കൾക്ക് അവസാന ഗഡു ധനസഹായം ലഭ്യമായിട്ടില്ല. ടി ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-14 ആശ്രയ ഒന്നും രണ്ടും ഘട്ട പദ്ധതികൾ -807616

# രൂപ ചെലവഴിക്കാതെ നിലനിൽക്കുന്നു

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ നിർദ്ധനരും നിരാലംബരുമായ അഗതികളെ കണ്ടെത്തി അവർക്ക് അടിസ്ഥാന സൗകര്യം ഒരുക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിന് ലക്ഷ്യമിട്ടാണ് ആശ്രയപദ്ധതിയുടെ ആദ്യഘട്ടം പഞ്ചായത്തിൽ തുടക്കമിട്ടത്. (2007-10 ഒന്നാംഘട്ടം, 2011-17 രണ്ടാംഘട്ടം) 36 കുടുംബങ്ങളെയാണ് ഗുണഭോക്താക്കളായി കണ്ടെത്തിയത്. 2201662/- രൂപ ചലഞ്ച് ഫണ്ടായി കിട്ടിയിട്ടുണ്ട്. 2675500/- രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകുകയുണ്ടായി. സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ഭൂമി, വസ്ത്രം, ഭവനഅറ്റകുറ്റപ്പണി, ഭക്ഷണം, വിദ്യാഭ്യാസം, കുടിവെള്ളം, ശൗചാലയം തുടങ്ങിയവ ലഭ്യമാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. രണ്ട് ഘട്ടങ്ങൾക്കും കൂടി അനുവദിച്ച തുകയുടെ നാളിതുവരെയുള്ള വിനിയോഗം, ശേഷിക്കുന്ന തുകയുടെ വിവരം എന്നിവ താഴെ ചേർക്കുന്നു.

| അനുവദിച്ച തുക | ചെലവഴിച്ച തുക | ബാക്കിതുക |
|---|---|---|
| പ്ലാൻ ഫണ്ട് - 2675500 | 2664500 | 11000 |
| ചലഞ്ച് ഫണ്ട് - 2201662 | 1614311 | 587351 |
| ആകെ -4877162 | 4278811 | 598351 + 209265 (പലിശ) = 807616 |

പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, സിഡിഎസ് ചെയർപെഴ്സൺ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തുടങ്ങിയവർ അടങ്ങിയ സമിതി പ്രതിമാസ അവലോകനം നടത്തി സമയോചിത നടപടി കൈക്കൊള്ളേണ്ടതാണെന്ന് പദ്ധതി മാർഗ്ഗരേഖ നിഷ്കർഷിയ്ക്കുന്നുണ്ടെങ്കിലും ലക്ഷ്യം കൈവരിക്കുന്നതിൽ കാലതാമസം നേരിടുന്നു. തന്മൂലം ബാക്കി നിൽക്കുന്ന 807616/- രൂപ ഉപയോഗിക്കാതെ എസ് ബി ഐ കറുകച്ചാൽ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകളിൽ അവശേഷിയ്ക്കുന്നു. തുക വിനിയോഗിക്കാനുള്ള നടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതാണ്.

# 3-15 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | എസ്.ഒ.152/2019 |
| പ്രോജക്ട് | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| അടങ്കൽ | 150000/- |
| | |

| | |
|---|---|
| ചെലവ് | 150000/ |
| ബിൽ നം | 01-18-19/26.02.19 |

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതിക്ക് അടങ്കൽ തുകയായ 150000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 92741/- രൂപയുടെ മരുന്നുകൾ മാത്രമാണ് ഹോംകോ ലഭ്യമാക്കിയിട്ടുള്ളത്. (ഇൻവോയ്സ് നം-എൽ.എഫ്-1511/16-02-2019)57259/-രൂപയുടെ മരുന്ന് ലഭ്യമാകാനുണ്ട്. ആയതിനാൽ 57259/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ടി തുകയ്ക്കുള്ള മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-16 വിവിധ നിക്ഷേപ പ്രവൃത്തികൾ -വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ നിക്ഷേപ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് | നിർവ്വഹണ ഏജൻസി/ സ്ഥാപനം | കൈമാറിയ തുക | ബിൽ നം./ തീയതി |
|---|---|---|---|
| 163/19 | ഭൂജല വകുപ്പ് | 36030 | 21/28.7.18 |
| 109/19 ചേറ്റുതടം -പാലനി പുത്തൻപുര റോഡ് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | കേരള വാട്ടർ അതോറിറ്റി | 100000 | 12/28.6.18 |
| 153/19 മാമ്പതി തകടിയേൽ റോഡിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | കേരള വാട്ടർ അതോറിറ്റി | 100000 | 13/28.6.18 |
| 155/19 കുറ്റിക്കൽ -തട്ടാരടി റോഡ് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | കേരള വാട്ടർ അതോറിറ്റി | 150000 | 14/28.6.18 |
| 108/19 വളവുകുഴി കൊച്ചിക്കാല | കേരള വാട്ടർ അതോറിറ്റി | 150000 | 11/28.6.18 |

| | | | |
|---|---|---|---|
| റോഡിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | | |
| 106/19 തൃക്കോയിക്കൽ – മുതലപ്ര റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ | കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, തെങ്ങണ | 25000 | 31/21.8.18 |
| റ്റെറ്റം പറമ്പ് എസ്.സി. കോളനി കുഴൽ കിണർ റിപ്പയറിംഗ് | ഭൂജല വകുപ്പ് | 10090 | 21800117/24.5.18 |
| ആകെ | | 571120 | |

പ്രസ്തുത ഏജൻസികളുമായി ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടതായി കാണുന്നില്ല. നിക്ഷേപ പ്രവൃത്തികൾക്കായി ഏജൻസികളിൽ തുക നിക്ഷേപിക്കുമ്പോൾ കരാറിൽ ഏർപ്പെടാൻ ശ്രദ്ധിയ്ക്കേണ്ടതാണ്. ടി പ്രവൃത്തികൾ പൂർത്തിയാക്കിയതിന്റെ വിനിയോഗസാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടിയിനത്തിലെ 571120 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും തുകയുടെ വിനിയോഗവിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന് 2018-19 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2671892/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും 1685937/- രൂപയുമാണ് ലഭിച്ചിട്ടുള്ളത്. ഫണ്ടിന്റെ വിനിമയത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര്(പ്രോജക്ട് നം.) | ലഭിച്ച തുക | തുക ലഭിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | പാലിന് സബ്സിഡി (103/18) | 200,000/- | 14.08.2018 | 200,000/- | 0/- |
| | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (28/19) | 150,000/- | 20.12.2018 | 150,000/- | 0/- |
| | അങ്കണവാടി പോഷകാഹാരം(82/19) | 83330/- | 20.12.2018 | 83330/- | 0/- |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | ലൈഫ് ഭവനപദ്ധതി ജനറൽ(165/19) | 1389115/- | 14.08.2018 | 1389115/- | 0/- |
| | ലൈഫ് ഭവനപദ്ധതിഎസ് സി (168/19) | 849447/- | 23.03.2019 | 840000/- | 9447/- |
| കോട്ടയം ജില്ല പഞ്ചായത്ത് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (28/19) | 175000/- | 23.03.2019 | 175000/- | 0/- |
| | അങ്കണവാടി പോഷകാഹാരം(82/19) | 100000/- | 11.03.2019 | 100000/- | 0/- |
| | ലൈഫ് ഭവനപദ്ധതി ജനറൽ(165/19) | 1060384/- | 22.09.2018 | 1050885/- | 9499/- |
| | ലൈഫ് ഭവനപദ്ധതിഎസ് സി (168/19) | 350553/- | 22.09.2018 | 160000/- | 190553/- |
| **ആകെ** | | 4357829 | - | 4148330 | **209499/-** |

ധനകാര്യ വകുപ്പിന്റെ 23.01.2017 ലെ ജി.ഒ(പി)നം.7/2017/ധന ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം പഞ്ചായത്തിന് സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ട് നിക്ഷേപിക്കുന്നതിന് പ്രത്യേക ട്രഷറി അക്കൗണ്ട് നിലവിലുണ്ട്. സംയുക്ത പ്രോജക്ടിനായി പഞ്ചായത്ത് ഫണ്ടിലെ 31.03.2019 ലെ നീക്കിയിരിപ്പ് ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ട്.

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തിൽ നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവയിൽ നിക്ഷേപിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നം | പ്രവൃത്തിയുടെ പേര് | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ. ബി. | 61/19 | മൂലം ചിറ തണങ്ങുചിറ റോഡിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | 318600 | 31.7.18 | 318600 | ഇല്ല |
| | 62/19 | ബുധനാംകുഴി തടത്തിൽ റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ | 199240 | 30.7.18 | 199240 | ഇല്ല |
| | 105/19 | പ്ലാച്ചിക്കൽ നെടുമറ്റം സ്ട്രീറ്റ് | 29960 | 31.8.18 | 84960 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | | ലൈൻ നീട്ടൽ | | | | |
| | 107/19 | കൊച്ചിക്കാല വലവുകുഴി റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ | 39530 | 21.8.18 | 39530 | ഇല്ല |
| | 110/19 | കമ്മ്യൂണിറ്റി ഹാൾ പ്ലാച്ചിക്കൽ റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ | 182900 | 30.7.18 | 182900 | ഇല്ല |
| | 162/19 | വിവിധ വാർഡുകളിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 23435 | 8.9.18 | 23435 | ഇല്ല |
| | 212/19 | തകടിയേൽ തെങ്ങോലി റോഡ്സ്ട്രീറ്റ് ലൈൻ നീട്ടൽ | 42000 | 30.5.18 | 42000 | ഇല്ല |
| | 213/19 | തകടിയേൽ കല്ലൂർ റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ | 79725 | 30.5.18 | 79725 | ഇല്ല |
| | 214/19 | തകടിയേൽ ആനക്കല്ലുങ്കൽ റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ | 76641 | 30.5.18 | 76641 | ഇല്ല |
| | 222/19 | കൈതക്കാട്ടുപടി തെക്കേ നടക്കാവ് സ്ട്രീറ്റ് ലൈൻ നീട്ടൽ | 28556 | 29.8.18 | 28556 | ഇല്ല |
| | 106/19 | തൃക്കോയിക്കൽ മുതലപ്ര റോഡ് സ്ട്രീറ്റ് ലൈൻ നീട്ടൽ | 25000 | 17.1.19 | ഇല്ല | 25000 |
| ഭ്രജ | 163/19 | പഴയ പഞ്ചായത്ത് | 36030 | 28.7.18 | ഇല്ല | 36030 |

| | | | | | | |
|---|---|---|---|---|---|---|
| ല വകു<br>പ്പ് | | ഓഫീസ് പരിസരത്ത് കുഴൽക്കിണർ നിർമ്മാണം | | | | |
| | വൗച്ചർ നം. 21800117/5-18 | റ്റെറ്റം പറമ്പ് എസ്.സി. കോളനി കുഴൽ കിണർ റിപ്പയറിംഗ് | 10090 | 24.5.18 | ഇല്ല | 10090 |
| കേരള വാട്ടർ അതോറിറ്റി | 108/19 | വളവുകുഴി കൊച്ചിക്കാല റോഡിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 150000 | 28.6.18 | ഇല്ല | 150000 |
| | 109/19 | ചേറ്റുതടം പാലനി പുത്തൻ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 100000 | 28.6.18 | ഇല്ല | 100000 |
| | 153/19 | മാമ്പതി തകടിയോൽ റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | 100000 | 28.6.18 | ഇല്ല | 100000 |
| | 155/19 | കുറ്റിക്കൽ തട്ടാരടി റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 150000 | 28.6.18 | ഇല്ല | 150000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/വായ്പ തിരിച്ചടവ്

2018-19 വർഷം ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് വായ്പയിനത്തിൽ വന്ന വായ്പ തുകയുടെയും വായ്പ

തിരിച്ചടവിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ | വായ്പ അക്കൗണ്ട് നം./ബാങ്ക് | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ളത് | തൻവർഷം തിരിച്ചടച്ച തുക (മുതൽ) | ബാലൻസ് |
|---|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി (KURDFC LOAN) | ജി.ഒ(എം.എസ്) നം.68/18/ തസ്വഭവ 18.05.2018 ജി.ഒ (എം.എസ്) നം.100/18/ തസ്വഭവ 30.07.2018 | എസ്.ബി.എെ, കറുകച്ചാൽ അക്കൗണ്ട് നം.67392329304 | 86,60,000/- | 0/- | 0/- | 86,60,000/- |

ഗ്രാമപഞ്ചായത്തിന് 2018-19 വർഷം ലഭ്യമായ ലോൺതുക 86,61,912/- രൂപയാണ്. ഇതിൽ 86,60,000/- രൂപ ചെലവഴിച്ചതിന് ശേഷമുള്ള 1912/- രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നു.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഭാഗമായ 31.03.2019-ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥിരനിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

2018-19 റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ നിർദ്ദേശപ്രകാരം അടവാക്കുന്ന തുകയുടെ വിശദാംശങ്ങൾ (ഖണ്ഡിക നം., ഓഡിറ്റ് വർഷം, തുക ഒടുക്കിയ വ്യക്തി/സ്ഥാപനത്തിന്റെ പേര്, തുക ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയവ) പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഓരോ സാമ്പത്തികവർഷത്തെയും കണക്കുകളുടെ സംക്ഷിപ്തവും തയ്യാറാക്കേണ്ടതാണ്.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-3 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ-പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ കാലതാമസം | അക്കൗണ്ട്സ് കമ്മിറ്റിയുടെ (2014-16) 55-ാ മത് റിപ്പോർട്ട് ഖ.77 പ്രകാരം ഒഴിവാക്കി |
| 2000-01 | 3-6 | 2006-07 | 3-34-1 | ജെ.ജി.എസ്.വൈ മാലം മാത്തുരുത്തി റോഡ് റീടാറിംഗ് നടപ്പാക്കിയില്ല | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 1996-97 | | 1999-2000 | 4 പേജ് 37 | ഉപാധിരഹിത ഫണ്ട് ഭവനനിർമ്മാണം അപാകതകൾ | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| പ്രവർത്തനാവലോകന ഓഡിറ്റ് റിപ്പോർട്ട് | | 2011-12 | | ശിശുക്ഷേമ പദ്ധതികളും അങ്കണവാടികളും | ” |

# 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 93868057.55 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75375783 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9615 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1562994 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
|---|---|---|---|
| 3-5 | | 4295 | ശ്രീമതി രശ്മി എസ്.കുമാർ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | | 5560 | ശ്രീമതി രശ്മി എസ്.കുമാർ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | | **9855** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 455851 | ശ്രീമതി രശ്മി എസ്.കുമാർ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | 178764 | ശ്രീമതി രശ്മി എസ്.കുമാർ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | 300000 | ഡോ.ഡി ദീപു, വെറ്ററിനറി സർജൻ |
| 3-15 | 57259 | ഡോ.ശ്രീജ. ജി.എസ്, മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 3-16 | 571120 | ശ്രീമതി അനിത എം.തോമസ്,സെക്രട്ടറി |
| **ആകെ** | **1562994** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം – ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രശ്മി എസ്.കുമാർ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കറുകച്ചാൽ ഗ്രാമപഞ്ചായത്ത് | വാലേപ്പറമ്പിൽ, വടവാതൂർ<br>പി.ഒ. കോട്ടയം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ്

# റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 (ചെലവ്) | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(1)/18/ 20.02.18 | 1 |
| 1999-2000 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(2)/18/ 20.02.18 | 4 |
| 2000-01, 01-02 (പ്ലാൻ) | എൽ.എഫ്.കെ.പി.8/636/03/16.4.05 | |
| 2000-01 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(3)/18/ 20.02.18 | 1 |
| 2001-02 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(4)/18/ 20.02.18 | 2 |
| 2003-04 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(6)/18/ 20.02.18 | 1 |
| 2004-05 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(7)/18/ 20.02.18 | 1 |
| 2005-06 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/183(8)/18/ 20.02.18 | 4 |
| 2007-08 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/ 183(10)/18/ 20.02.18 | 2 |
| 2008-09 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/ 183(11)/18/ 20.02.18 | 3 |
| 2009-10 | കെഎസ്എ.കെടിഎം.പി5/(അദാ.2018)/ 183(12)/18/ 20.02.18 | 16 |
| 2010-11 | എൽ.എഫ്.കെ.പി.5/1078/13/4.9.13 | |
| 2011-12 | എൽ.എഫ്.കെ.പി.5/158/13/2.7.13 | |
| 2012-13 | എൽ.എഫ്.കെ.പി.5/1580/14/4.5.15 | |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി5/1558/15/20.3.16 | 6 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി5/600/18/04.04.18 | 19 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5/117/17/15.05.17 | 19 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി5/429/18/27.03.18 | 21 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി5/119/19/18-05-19 | 22 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം,**
**കോട്ടയം**

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ-കെ.ടി.എം.പി5/934/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 11.07..2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19** ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം,കോട്ടയം**